കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ച 15 ജീവനക്കാരുടെ സേവനകാലാവധി 30.11.2015 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=========================================================================

## തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്

സ.ഉ.(സാധാ) നം. 3084/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.10.2015.

=========================================================================

പരാമർശം:- 1) 08.06.2015-ലെ സ.ഉ. (സാധാ) നം. 766/15.
2) തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 29.07.2015-ലെ 10-ാം നമ്പർ തീരുമാനം.
3) തൃക്കാക്കര നഗരസഭാ ചെയർമാന്റെ 16.09.2015-ലെ അപേക്ഷ.

## ഉത്തരവ്

തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് നികുതി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി പരാമർശം (1) പ്രകാരം 15 പേരെ ദിവസക്കൂടി അടിസ്ഥാനത്തിൽ മൂന്ന് മാസക്കാലയളവിലേയ്ക്ക് ടി നഗരസഭയിൽ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് താൽക്കാലികമായി നിയമിച്ച ജീവനക്കാരെ ഉപയോഗിച്ച് വാർഡ്തല ക്യാമ്പ് കളക്ഷൻ നടത്തിയിട്ടുള്ളതും, 43 വാർഡുകളിലായി അസ്സസ്മെന്റ് രജിസ്റ്റർ, ഹാൻഡ്ബുക്ക്, ഡി.സി.ബി. എന്നിവ തയ്യാറാക്കി വരുന്നത് പൂർത്തീകരിച്ച് നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് നഗരസഭയിൽ നിലവിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത സാഹചര്യത്തിലും, 26.08.2015-ൽ അവസാനിക്കുന്ന പ്രസ്തുത ജീവനക്കാരുടെ സേവന കാലാവധി മൂന്ന് മാസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (2) ലെ

കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം തൃക്കാക്കര നഗരസഭാ ചെയർമാൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃക്കാക്കര നഗരസഭാ കൗൺസിൽ തീരുമാനം പരിഗണിച്ച് തൃക്കാക്കര പരാമർശം (1) പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരുടെ സേവനകാലാവധി പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 30.11.2015 വരെ മാത്രം ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**എ.പി.എം. മുഹമ്മദ് ഹനീഷ്. ഐ.എ.എസ്.,**
**സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര നഗരസഭ.
ചെയർമാൻ, തൃക്കാക്കര നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**